## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *445

26.06.2019 - ൽ
മറുപടിയ്ക്ക്

### കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ഡോ. എം. കെ. മുനീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. എം. ഷാജി | ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ കേരള കാർഷിക സർവ്വകലാശാല വീഴ്ച വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) ഇല്ല. കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ കാലാവധി 2019 മാർച്ച് 10 നാണ് അവസാനിച്ചിരുന്നത്. എന്നാൽ 04/02/2019 ന് തന്നെ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ കേരള കാർഷിക സർവ്വകലാശാല ഐ.സി.എ.ആർ.ന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഐ.സി.എ.ആർ. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു |
| ബി) ഇതേത്തുടർന്ന് സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) ഇല്ല. ഐ.സി.എ.ആർ.ന്റെ സ്റ്റേറ്റ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ കേരള കാർഷിക സർവ്വകലാശാലയുടെ പേര് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. |
| സി) ഇത് അക്കാദമിക രംഗത്തും സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിനും പ്രതികൂലമായി ബാധിക്കുമോ എന്ന് അറിയിക്കുമോ; | സി) കേരള കാർഷിക സർവ്വകലാശാലയുടെ അക്കാദമിക രംഗത്തെയോ സാമ്പത്തിക സഹായങ്ങളേയോ ഇത് പ്രതികൂലമായി ബാധിക്കില്ല. |
| ഡി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | ഡി) കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ പുതുക്കുവാൻ വേണ്ട അപേക്ഷ എല്ലാ രേഖകളും സഹിതം ഐ.സി.എ.ആർ.ന് 04/02/2019 ന് സമർപ്പിച്ചിട്ടുണ്ട്. അക്രഡിറ്റേഷൻ പുതുക്കുന്നതിനായുള്ള നടപടികൾ ഐ.സി.എ.ആർ.-ൽ പുരോഗമിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഐ.സി.എ.ആർ.-ൽ നിന്നും ഒരു വിദഗ്ധ സംഘം (peer review team) കേരള കാർഷിക സർവ്വകലാശാല സന്ദർശിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ